## വാർഷിക പുരോഗതി വിലയിരുത്തലുമായി ബന്ധപ്പെട്ടുള്ള ESMF നിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ് സ.ഉ.(സാധാ) നമ്പർ 1731/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം തീയതി. 20.07.2011 പ്രകാരം കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്റ്റിൽ (KLGSDP) നിന്നും പെർഫോമൻസ് ഗ്രാന്റ് വിനിയോഗിച്ച് നടത്തുന്ന പദ്ധതികളിൽ പാരിസ്ഥിതിക സാമൂഹിക പരിപാലന ത്തിനുള്ള നടപടിക്രമങ്ങൾ (ESMF) കൃത്യമായും പാലിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. ആയതിലേക്കായി 2012-13 വാർഷിക പദ്ധതികളുടെ രൂപീകരണ സമയത്ത് തന്നെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും അനുബന്ധ വിവരങ്ങളും തയ്യാറാക്കി അവ IKM സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരുന്നു (പ്രോജക്ട് രൂപീകരണ ഫോം - DPR - അനുബന്ധം : 6 - പാരിസ്ഥിതിക സാമൂഹിക വിലയിരുത്തൽ അംഗീകാരത്തിനായി മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്തുകൾക്കുള്ള ഫോറം). KLGSDPപദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ടു തുടർന്ന് നടത്തിയ പരിശീലനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ നിർദ്ദേശിക്കുകയുമുണ്ടായി. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2012-13ലെ DPR പരിശോധനയിൽ നിന്നും മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും പ്രസ്തുത ഫോറം അപൂർണ്ണമായോ തെറ്റായോ പൂരിപ്പിച്ചതായി കാണപ്പെടുന്നു. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ പദ്ധതി വിഹിതം കണക്കാക്കുന്നതിനുള്ള വാർഷിക പുരോഗതി വിലയിരുത്തലിൽ (Annual Performance Assessment) ESMF കൃത്യമായും പാലിക്കുക എന്നത് ഒരു അനിവാര്യ അവശ്യ വ്യവസ്ഥ (Mandatory Minimum Condition) ആയതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രസ്തുത വിഷയത്തെ ഗൗരവമായി കാണേണ്ടതും വാർഷിക പുരോഗതി വിലയിരുത്തലിന് ഉതകുന്ന തരത്തിൽ DPR-ഉം അനുബന്ധ രേഖകളും കൃത്യമായി തയ്യാറാക്കി വക്കേണ്ടതുമാകുന്നു. ആയതിനാൽ DPR നൊപ്പം പ്രസ്തുത ഫോമിന്റെ കോപ്പി പ്രിന്റെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അംഗീകാരത്തോട് കൂടി വക്കേണ്ടതും, അവ വാർഷിക പുരോഗതി വിലയിരുത്തൽ സമയത്ത് പാരിസ്ഥിതിക സാമൂഹിക സുരക്ഷാ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ട് എന്നതിലേക്കുള്ള ഉപോൽബലക രേഖയായി സൂക്ഷിക്കേണ്ടതുമാണ്.